# മഹാത്മാഗാന്ധി സർവകലാശാല

## ക്വട്ടേഷൻ നോട്ടീസ്

നം:എ.ഡി.ബി.3/2/വേസ്റ്റ് പേപ്പർ/17-18/ഭരണം                    തീയതി : 24.05.2017

മഹാത്മാഗാന്ധി സർവകലാശാലയിൽ ലഭ്യമാകുന്ന പഴയ ചോദ്യ പേപ്പർ, പ്രൊജക്റ്റ് റിപ്പോർട്ട്, സ്വീപ്പിംഗ് വേസ്റ്റ്, കാർട്ടണുകൾ എന്നിവ വാങ്ങുവാൻ താത്പര്യമുള്ളവരിൽ നിന്ന് മത്സരാടിസ്ഥാനത്തിലുള്ള മുദ്ര വെച്ച ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു. ക്വട്ടേഷൻ ഫോറവും നിർബന്ധനകളും ഈ സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യുകയോ എ.ഡി.ബി.3 സെക്ഷനിൽ നിന്നും 105/- രൂപ നിരക്കിൽ 15.06.2017 3.00 പി എം വരെ  വാങ്ങുകയോ ചെയ്യാവുന്നതാണ്. ഡൗൺലോഡ് ചെയ്യുന്നവർ 105/- രൂപ ക്യാഷ് കൗണ്ടറിൽ അടച്ച രസീത് ക്വട്ടേഷനോടൊപ്പം സമർപ്പിക്കണം. ക്വട്ടേഷനുകൾ ഡെപ്യൂട്ടി രജിസ്ട്രാർ 2(ഭരണം) എം.ജി.സർവകലാശാല, കോട്ടയം എന്ന വിലാസത്തിൽ ലഭിക്കേണ്ട അവസാന തീയതി 17.06.2017 3.00 പി എം. ക്വട്ടേഷൻ അടക്കം ചെയ്ത കവറിൽ "ക്വട്ടേഷൻ -വേസ്റ്റ്-പേപ്പർ 2017" എന്ന് രേഖപ്പെടുത്തേണ്ടതാണ്

ഒപ്പ്

ഡെപ്യൂട്ടി രജിസ്ട്രാർ II (ഭരണം)

# <u>ക്വട്ടേഷൻ/ലേല നിബന്ധനകൾ</u>

1) ക്വട്ടേഷൻ ഫാറവും നിബന്ധനകളും എ.ഡി.ബി.3 സെക്ഷനിൽ നിന്നും 105/- രൂപ നിരക്കിൽ 15/06/2017 3.00 പി.എം. വരെ കൈപ്പറ്റാവുന്നതാണ്.

2) രജിസ്ട്രേഡ് തപാൽ മാർഗ്ഗ മോ നേരിട്ടോ, **ഡി.ആർ.(ഭരണം) II, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി, കോട്ടയം – 686 560** എന്ന വിലാസത്തിൽ ക്വട്ടേഷൻ സമർപ്പിക്കേണ്ട അവസാന തീയതി 17/06/2017 3.00 പി.എം. ക്വട്ടേഷനിൽ പങ്കെടുക്കുന്നവർ 5000/- രൂപയുടെ തുക ഫിനാൻസ് ഓഫീസർ ,എം.ജി.സവകലാശാല യുടെ പേരിൽ ഡി.ഡി. യായി എടുത്ത് ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

3) ക്വട്ടേഷൻ അടക്കം ചെയ്ത കവറിൽ "വേസ്റ്റ് പേപ്പർ – മേയ് 2017" എന്ന് രേഖപ്പെടുത്തണം. ക്വട്ടേഷനുകൾ തുറക്കുന്ന തീയതിയും സമയവും: 17/06/2017 3.30 പി.എം.

4) ഓരോ ഇനങ്ങൾക്കും പ്രത്യേകം പ്രത്യേകമായി വില പരിഗണിക്കുന്നതും അതതു വിഭാഗത്തിൽ ഏറ്റവും ഉയർന്ന വില വാഗ്ദാനം ചെയ്തിരിക്കുന്നവർക്ക് അതത് ഇനങ്ങൾ യൂണിവേഴ്സിറ്റി നിബന്ധനകൾക്കു വിധേയമായി നൽകുന്നതുമാണ്.

5) ഏതെങ്കിലും ഇനത്തിന് രേഖപ്പെടുത്തിയിട്ടുള്ള വില യൂണിവേഴ്സിറ്റിക്ക് ലാഭകരമായി ബോദ്ധ്യപ്പെടാത്ത പക്ഷം ആ ഇനത്തിലെ ക്വട്ടേഷൻ റദ്ദ് ചെയ്യുന്നതാണ്. ക്വട്ടേഷൻ ഉറപ്പിക്കുന്നതുൾപ്പെടെയുള്ള എല്ലാ കാര്യത്തിലും സർവ്വകലാശാലയുടെ തീരുമാനം അന്തിമമായിരിക്കും.

6) ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടുന്നയാൾ അയാൾക്ക് അവകാശപ്പെട്ട ഇനം സമയാസമയങ്ങളിൽ അറിയിക്കുന്നതനുസരിച്ച് യൂണിവേഴ്സിറ്റി കാമ്പസിൽ ലഭ്യമായ സ്ഥലങ്ങളിൽ നിന്നു ശേഖരിച്ച് ആയതിന്റെ വിലയും നിലവിലുള്ള നിരക്കിൽ വിൽപന നികുതിയും അടച്ച് തീർത്ത് രസീത് വാങ്ങേണ്ടതും, നിശ്ചിത ദിവസത്തിനകം മാറ്റേണ്ടതുമാണ്.

7) ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടുന്ന വ്യക്തി/വ്യക്തികൾ നിശ്ചിത ദിവസത്തിനകം സാധനം എടുക്കാതെ പിന്മാറുന്ന പക്ഷം പുനർവിൽപ്പനയിൽ ഉണ്ടാകാവുന്ന എല്ലാ നഷ്ടങ്ങൾക്കും ബന്ധപ്പെട്ട പാർട്ടി ഉത്തരവാദിയായിരിക്കുന്നതാണ്.

8) സാധനങ്ങൾ നീക്കം ചെയ്യുന്നത് സർവ്വകലാശാല സെക്യൂരിറ്റി ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾക്കനുസരിച്ചായിരിക്കണം.

9) പ്രത്യേക കാര്യങ്ങളുടെ അടിസ്ഥാനത്തിലോ അല്ലാതെയോ ഉറപ്പിച്ച ദർഘാസ് റദ്ദാക്കുന്നതിനുള്ള അധികാരം സർവ്വകലാശാല രജിസ്ട്രാറിൽ നിഷിപ്തമാണ്.

10) ക്വട്ടേഷൻ നിബന്ധനകൾ പൂർണ്ണമായും പാലിക്കേണ്ടതാണ്.

11)ക്വട്ടേഷനുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ എ.ഡി.ബി.3 സെക്ഷനിൽ നിന്നും ലഭിക്കുന്നതാണ്.

ഫോൺ :0481-2733308

ഒപ്പ്

ഡെപ്യൂട്ടി രജിസ്ട്രാർ II
(ഭരണം)

പകർപ്പ്

1. വൈസ്-ചാൻസലറുടെ പി.എസ്.
2. രജിസ്ട്രാറുടെ/ഫിനാൻസ് ഓഫീസറുടെ പി.എ.
3. സർവ്വകലാശാല എഞ്ചിനീയർ
4. ജെ.ആർ.I/III (ഭരണം)
5. ജെ.ആർ.(ധനകാര്യം)
6. എ.എസ്.ഒ.
7. ഡി.ആർ.2 (ഭരണം)
8. പി.ആർ.ഒ.

# ക്വട്ടേഷൻ ഫോറം

സൂചന : ക്വട്ടേഷൻ നോട്ടീസ് നം :എ.ഡി.ബി.3/2/വേസ്റ്റ് പേപ്പർ/17-18/ഭരണം തീയതി : 24.05.2017

താഴെ പറയുന്ന ഇനങ്ങൾ അതാതിന്റെ നേർക്ക് രേഖപ്പെടുത്തിയിരിക്കുന്ന വിലയ്ക്ക് എടുത്തു കൊള്ളാമെന്ന് വാഗ്ദാനം ചെയ്യുന്നു.

| ക്രമ നം | ഇനം | വാഗ്ദാനം ചെയ്യുന്ന തുക |
|---|---|---|
| 1. | പഴയ പ്രൊജക്റ്റ്/തീസിസ് റിപ്പോർട്ട് (ബൈൻറ് അടക്കം) | |
| 2. | പഴയ ചോദ്യ പേപ്പർ (കവർ അടക്കം) | |
| 3. | സ്വീപ്പിംഗ് വേസ്റ്റ് | |
| 4. | കാർട്ടണുകൾ | |

ഒപ്പ്:
പേര്:
വിലാസം:

മൊബൈൽ നം:

തീയതി: